നിയമനം നടത്താൻ ക്രീമിലെയർ പ്രശ്നമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് ആലോചിക്കുകയാണ്. ബാക്കി നിയമനം നടത്താൻ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(25) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീമതി ആർ. ലതാദേവി : സർ, നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളുടേയും കുട്ടികളുടേയും പ്രധാന ചികിത്സാകേന്ദ്രമാണ് തിരുവനന്തപുരം എസ്. എ.ടി. ആശുപത്രി. ആ എസ്.എ.ടി. ആശുപത്രിയുടെ ശോചനീയമായ അവസ്ഥ ഇന്ന് വിവരണാതീതമാണ്. ആ ആശുപത്രിയുടെ മുമ്പിലുണ്ടാക്കി വച്ചിരിക്കുന്ന കുഞ്ഞിനെ കയ്യിലെടുത്ത സ്ത്രീയുടെ പ്രതിമ അവിടെനിന്നും ഓടി രക്ഷപ്പെടാത്തത് അതിന് ജീവനില്ലാത്തതുകൊണ്ടു മാത്രമാണ്. എസ്. എ.ടി. ആശുപത്രിയിൽ അനുവദിച്ചിരിക്കുന്ന കിടക്കകളുടെ എണ്ണം പരിമിതമാണ്. ചപ്പുചവറുകൾ നിറഞ്ഞ് ദുർഗന്ധം വമിക്കുന്ന വാർഡുകളാണ്. തുരുമ്പെടുത്ത് പെയിന്റിളകിയ കട്ടിലുകളും പൊട്ടിപ്പൊളിഞ്ഞ മെത്തകളുമാണ്. കട്ടിലുകളുടെ അടിയിലും തറയിലും വരാന്തകളിലുമായി ഗർഭിണികളായ സ്ത്രീകളും കുട്ടികളും കിടക്കുന്നു. ഒരു കട്ടിലിൽ രണ്ടും മൂന്നും ഗർഭിണികൾ ഉണ്ട്. പല രോഗങ്ങളുള്ള കുട്ടികളാണ് ഇന്ന് എസ്.എ.ടി. ആശുപത്രിയിൽ കിടക്കുന്നത്. അവരുടെ കൂടെ നൂറുകണക്കിന് ആയിരക്കണക്കിനു കൂട്ടിരുപ്പുകാർ. രോഗികളെക്കൂടാതെ ആയിരക്കണക്കിനാളുകൾ ദിവസവും ഈ ആശുപത്രിയുമായി ബന്ധപ്പെടുന്നുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. തലയണയില്ല. പരിമിതമായ രീതിയിലേ മരുന്നുകൾ ലഭിക്കുന്നുള്ളൂ. പ്രസവസമയത്ത് ഉപയോഗിക്കേണ്ട വസ്ത്രങ്ങൾ പൈസ കൊടുത്തു വാങ്ങേണ്ട അവസ്ഥയാണ്. കക്കൂസില്ല. ഉള്ളവ വൃത്തിഹീനമാണ്. ചില കക്കൂസ് മുറികൾ സ്ഥിരമായി അടച്ച് സീൽ ചെയ്തിരിക്കുന്നു. ബ്ലഡ് ബാങ്കില്ലാത്തതുകൊണ്ട് രാത്രികാലത്ത് അത്യാവശ്യംവരുന്ന അവസരത്തിൽ രക്തം കിട്ടാൻ നിവൃത്തിയില്ല. എല്ലാ പ്രസവാശുപത്രികളുടേയും കുട്ടികളുടെ ആശുപത്രികളുടേയും അവസ്ഥ ഏറെക്കുറെ ഇതുപോലെയാണ്. ഉപകരണങ്ങളുണ്ടെങ്കിലും രാത്രി സമയത്ത് ലബോറട്ടറിയിൽ സ്റ്റാഫില്ലാത്തതുകൊണ്ട് അത് പ്രവർത്തിക്കുന്നില്ല. മൂന്ന് ആംബുലൻസുള്ളതിൽ രണ്ടും പ്രവർത്തനരഹിതമാണ്. മൂന്ന് ലിഫ്റ്റുള്ളത് മൂന്നും പഴകിയതുകൊണ്ട് പ്രവർത്തിക്കുന്നില്ല; ജനറേറ്റർ ഉണ്ടെങ്കിലും അത് പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. അതുപോലെ സെപ്റ്റിക് ലേബർ റൂമിന്റെ കാര്യം പറയാനേ പറ്റുന്നില്ല. എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു പുരുഷനെന്നുള്ള നിലയ്ക്ക് ധരാളം പരിമിതികളുണ്ടായിരിക്കും. എന്നാലും നേരിട്ട് ഈ ആശുപത്രി സന്ദർശിച്ച് അവിടത്തെ അവസ്ഥ നോക്കിക്കാണണം. അതോടൊപ്പം ഇടയ്ക്കിടെ ആ ആശുപത്രി സന്ദർശിക്കുകയും വേണം. ഇത് പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥന്മാരും ബഹുമാനപ്പെട്ട മന്ത്രിയുമടക്കമുള്ളവർ അവിടെ എസ്.എ.ടി. ആശുപത്രി സന്ദർശിച്ച് അവിടത്തെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണണം.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, എസ്.എ.ടി. ആശുപത്രിയിൽ 868 കിടക്കകളാണ് അനുവദിച്ചിരിക്കുന്നത്. ഇന്നലെയും കഴിഞ്ഞ ദിവസവുമൊക്കെ ആവറേജ് രോഗികളുടെ എണ്ണം ആയിരമായിരുന്നു. 868 കിടക്കകൾ അനുവദിച്ച സ്ഥലത്ത് ആയിരം രോഗികൾ കിടക്കുമ്പോൾ നൂറ് നൂറ്റിയമ്പത് പേർ അധികം വരുന്നുണ്ട്. അറു

LIBRARY ARCHIVES Kerala Legislative Assembly

നൂറ് ഇൻപേഷ്യന്റ്സുണ്ട്. ഒ.പി.യുമുണ്ട്. കേരളത്തിലുള്ള പ്രസവ സംബന്ധമായ ചികിത്സാ സ്ഥാപനങ്ങളിൽ രണ്ടാമത്തേതാണ് കോഴിക്കോട് എസ്.എ.ടി. ആശുപത്രി. കഴിഞ്ഞ കൊല്ലം ഇരുപത്തിയേഴായിരം പ്രസവം അവിടെ നടന്നു. തിരുവനന്തപുരത്തെ എസ്.എ.ടി. ആശുപത്രിയിൽ പതിനേഴ് പതിനെട്ടായിരം പ്രസവം ഒരു വർഷത്തിൽ നടക്കുന്നുണ്ട്. സ്വാഭാവികമായും പ്രസവ സംബന്ധമായി വരുന്നവരുടെ കൂട്ട് പങ്കാളികളായി വരുന്നവരുടെ എണ്ണം ചെറുതല്ല; നിയന്ത്രിക്കാൻ പലപ്പോഴും കഴിയുന്നില്ല. പഴയ കെട്ടിടമാണ്. ആ കെട്ടിടം മാറ്റി പുതുക്കി പണിയാനുള്ള നടപടികൾ പല ഘട്ടത്തിലെടുത്തിട്ടുണ്ട്. ഇപ്പോൾ ദ്രുതഗതിയിലുള്ള ചില പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെ. എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ പേവാർഡ് പുതുതായി ഉണ്ടാക്കുന്നു. അതുപോലെ നാലുനില കെട്ടിടത്തിനുള്ള എ.എസ്. കൊടുത്തുകഴിഞ്ഞിട്ടുണ്ട്. പണത്തിന്റെ ദൗർലഭ്യം ഒരു ഘടകമാണ്. അതുപോലെ എല്ലാ പ്രസവവും ഒരു സ്ഥലത്ത് വേണമെന്നുള്ള നിർബന്ധത്തിലല്ല ഗവൺമെന്റ്; കഴിയുന്നതും താഴോട്ടുകൊണ്ടുപോയി വിവിധ മേഖലകളിലെത്തിക്കാനുള്ള ശ്രമത്തിലാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും മറ്റും പ്രവർത്തിക്കുന്നത്. തൈക്കാട് താലൂക്കാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇവിടെ പലപ്പോഴും രോഗികളുടെ എണ്ണം കൂടുതലുണ്ടാകുന്നു. ഞാൻ അവിടെ പല പ്രാവശ്യം പോയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും നല്ല ഗൈനക്കോളജിസ്റ്റുകാർ അവിടെയുണ്ട്. തിരുവനന്തപുരം എസ്. എ.ടി.യിലെ ഗൈനക്കോളജിസ്റ്റുകൾ പുരുഷന്മാരാണ്. മുൻധാരണയിലാണ് ഇതൊക്കെ പറയുന്നത്. സ്ത്രീകൾക്ക് ഈ കാര്യങ്ങളറിയാമെന്നുള്ള ധാരണയിൽ ആണ് അവതരിപ്പിച്ചതെങ്കിൽ എസ്.എ.ടി.യിലെ ഗൈനക്കോളജിസ്റ്റുകളിൽ കൂടുതലും പുരുഷന്മാരാണ്. അവിടെ കല്ലുകൊണ്ട് ഒരു പ്രതിമയുണ്ടാക്കിയത് ആ പ്രതിമ ഇരിക്കാനാണ്; അത് ജീവിക്കാനല്ല. ആലങ്കാരികമായി പറഞ്ഞത് കൊള്ളാം. വേദനിക്കുന്ന രോഗികളോട് ഏത് രീതിയിൽ പെരുമാറണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം പരിമിതികളുണ്ട്. രോഗികളുടെ എണ്ണം കൂടുന്നു. സ്റ്റാഫിനെ അധികം കൊടുക്കാൻ കഴിയുന്നില്ല. പഴയ കെട്ടിടമാണ്. അത് മാറ്റിയെടുക്കാനുള്ള ശ്രമത്തിലാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ലതാദേവി പറഞ്ഞ ദയനീയമായ കഥ കേട്ടിട്ട് ഞങ്ങൾക്കെല്ലാം വിഷമം തോന്നി. ഒരു പ്രത്യേക പരിഗണന അതിലുണ്ടാകണം. അങ്ങയുടെ കൂടി സ്ഥലമാണ്. അങ്ങുംകൂടി ശ്രദ്ധിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ സബ്മിഷൻ കൊണ്ടുവന്നപ്പോൾ അത് അനുവദിക്കാനുള്ള പ്രധാന കാരണം തന്നെ അതാണ്. നമുക്കു തന്നെ നേരിട്ട് ബോധ്യമുള്ള കാര്യമാണ്. അതുകൊണ്ട് പ്രത്യേക പരിഗണന പറഞ്ഞാൽ അതിനുവേണ്ടി അടിയന്തിരമായി ഒരു ഉന്നതതല യോഗംതന്നെ കൂടി അടിയന്തിര നടപടി സ്വീകരിക്കുന്നതായിരിക്കും നല്ലത്.

(26) പൈങ്ങോട്ടൂർ, പല്ലാരിമംഗലം പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെയും മറ്റു സ്റ്റാഫിന്റേയും നിയമനം

ശ്രീ. വി.ജെ. പൗലോസ് : സർ, ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ അഞ്ചാമത്തെ പ്രാവശ്യമാണ് സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജക

LIBRARY ARCHIVES Kerala Legislative Assembly